ND.C. 48/16, dt. 30.12.16

30.12.2016

# നെയ്യാറ്റിൻകര ബൈബിൾ കൺവെൻഷൻ

വന്ദ്യ വൈദികരേ, പ്രിയ സഹോദരരേ,

നമ്മുടെ രൂപത നടത്തുന്ന 11 -ാമത് നെയ്യാറ്റിൻകര ബൈബിൾ കൺവെൻഷൻ 2017 ജനുവരി 4 മുതൽ 8 വരെ നെയ്യാറ്റിൻകര മുൻസിപ്പൽ സ്റ്റേഡിയത്തിൽ (മദർ തെരേസ നഗർ) നടക്കുകയാണല്ലോ. വിശ്വാസത്തിൽ ഒരു പടി കൂടി ആഴപ്പെടുന്നതിനും ദൈവാനുഭവത്തിൽ വളരുന്നതിനും നെയ്യാറ്റിൻകര ബൈബിൾ കൺവെൻഷൻ നമ്മെ സഹായിക്കും എന്നതിൽ തെല്ലും സംശയമില്ല. മാതാപിതാക്കളിൽ നിന്നും ലഭിക്കുന്ന വിശ്വാസത്തോടയൊണ് ഓരോ ക്രൈസ്തവ ശിശുവും ജനിക്കുന്നത്. വ്യക്തിപരമായ ദൈവാനുഭവത്തിലേക്ക് കടന്നു വരുന്നതിലൂടെ ഒരു വ്യക്തി വിശ്വാസത്തിൽ ശക്തി പ്രാപിക്കുന്നു. ഈ ദൈവാനുഭവം ഗാഢമായ ദൈവീക ബന്ധത്തിലേക്ക് നയിക്കുന്നു. ഈ ബന്ധമാണ് നമ്മെ ക്രിസ്തു ശിഷ്യരായി രൂപാന്തരപ്പെടുത്തുന്നുതും അതിലൂടെ അനുഭവിച്ചറിഞ്ഞ യേശുവിന്റെ  സ്നേഹത്തെ സാക്ഷ്യപ്പെടുത്തുകയും പ്രഘോഷിക്കുകയും ചെയ്യാൻ നമ്മെ പ്രേരിപ്പിക്കുന്നതും.

വിശ്വാസത്തെ ആഴപ്പെടുത്താൻ അനുദിനമുള്ള വ്യക്തിപരമായ പ്രാർത്ഥന, കുടുംബപ്രാർത്ഥന, ബൈബിൾ പാരായണം, കമ്പസാരം, ബി. സി. സി. കൂട്ടായ്മയിലെ പങ്കാളിത്തം, അനുദിനബലിയിലെ സജീവവും ബോധപൂർവ്വകവുമായ പങ്കാളിത്തം എന്നിവ നമ്മെ ഏറെ സഹായിക്കും. ഇവ നമ്മെ ദൈവത്തിന്റെ കാരുണ്യം അനുഭവിച്ചുകൊ ് തിന്മയിൽ നിന്നും നന്മയിലേക്കും നന്മയിൽ നിന്നും കൂടുതൽ നന്മയിലേക്കും രൂപാന്തരപ്പെടുത്തും. അതിനുള്ള ഒരു പ്രധാന ഊർജ്ജ സംഭരണ വേദിയാണ് നമ്മുടെ നെയ്യാറ്റിൻകര ബൈബിൾ കൺവെൻഷൻ. ആകയാൽ പ്രിയ സഹോദരരേ, ഈ വർഷത്തെ ബൈബിൾ കൺവെൻഷനിൽ എല്ലാ വിശ്വാസികളും പങ്കെടുക്കണമെന്നാണ് ഞാൻ ആഗ്രഹിക്കുന്നത്. ഇതിനുവേ ി വൈകുന്നേരങ്ങളിലുള്ള ദിവ്യബലിക്ക് മാറ്റ് ക്രമീകരണങ്ങൾ വരുത്തി വൈദീകരുടെ നേതൃത്വത്തിൽ ഇടവക കൗൺസിൽ അംഗങ്ങളും ചേർന്ന് സ്നേഹത്തോടെയും ത്യാഗമനോഭാവത്തോടെയും എല്ലാ ഇടവകാംഗങ്ങളും പങ്കെടുക്കണമെന്ന് ഞാൻ ആവശ്യപ്പെടുന്നു. കർത്താവ് നിങ്ങളെ അനുഗ്രഹിക്കട്ടെ

സ്നേഹാശംസകളോടെ

മെത്രാസനമന്ദിരം

30.12.2016

റൈറ്റ്.റവ.ഡോ.വിൻസന്റ് സാമുവൽ
നെയ്യാറ്റിൻകര രൂപതാമെത്രാൻ

NB. ഈ സർക്കുലർ 2016 ഡിസംബർ 31-ാം തീയതിയും 2017 ജനുവരി 1 -ാം തീയതിയും പള്ളികളിൽ വായിച്ച് വിശദീകരിക്കേണ്ടതാണ്.